പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5087 15-11-2019-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് വിതരണം ചെയ്യാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതിക്ഷോഭം മൂലം വിളകൾ നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് ആയി ലഭിക്കേണ്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; | (എ), (ബി) & (സി) | ഇൻഷ്വർ ചെയ്ത ധാരാളം കർഷകർക്ക് പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിനാൽ അപേക്ഷ പരിശോധിക്കുന്നതിനും തുക തിട്ടപ്പെടുത്തി അനുവദിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്രീകൃതമായി 'സ്മാർട്ട്' എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇത് വഴി ആനുകൂല്യം കാലതാമസം ഇല്ലാതെ കർഷകർക്ക് വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കി ഉടൻ തന്നെ കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| (സി) | അടിയന്തരമായി തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |



**സെക്ഷൻ ഓഫീസർ**